(ബി) സീതത്തോട്, വെച്ചൂച്ചിറ, പെരിനാട് എന്നീ സ്ഥാലങ്ങളിൽ ഇപ്പോൾ ഓവർസിയർ ഓഫീസ് നിലവിലുണ്ട്. സംസ്ഥാന സർക്കാരിന്റെ പുതിയ പവർ പോളിസി നടപ്പാക്കിക്കഴിഞ്ഞുമാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുക യുള്ളൂ.

(സി) ഇത് ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതായതിനാൽ പ്രായോഗികമല്ല.

143 (2521) വൈദ്യുതി കണക്ഷനുവേണ്ടി പ്രത്യേക മീറ്റർ ഘടിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി.എസ്. സുപാൽ · താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ കുളത്തൂപ്പുഴ, ആയിരനല്ലൂർ എസ്റ്റേറ്റുകളിലെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ഓരോ കുടുംബത്തിനും പ്രത്യേക വൈദ്യുതി കണക്ഷനുവേണ്ടി പ്രത്യേക മീറ്റർ ഘടിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏതെല്ലാം കോളനികളിൽ എത്ര ക്വാർട്ടേഴ്സുക ളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കുടുംബത്തിനും പ്രത്യേക മീറ്റർ വയ്ക്കുവാൻവേണ്ടി എത്ര പുതിയ കണക്ഷനുകൾക്ക് പണം അടച്ചിട്ടുണ്ട്; എന്നാണ് അടച്ചത്;

(ഡി) പ്രത്യേക മീറ്ററുകൾ വയ്ക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് എന്നത്തേയ്ക്ക് പുതിയ കണക്ഷൻ ലഭിക്കും എന്ന് വ്യക്തമാക്കുമോ

ഉത്തരം

(എ) ഉണ്ട്.

(ബി) കുളത്തൂപ്പുഴ എസ്റ്റേറ്റിലെ കോളനികളിൽ ഈ പദ്ധതി നടപ്പിലാ ക്കിയിട്ടില്ല. ആയിര നെല്ലൂർ എസ്റ്റേറ്റിലെ കോളനികളെ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

ആയിരനെല്ലൂർ

1) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - I
2) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - II
3) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - III
4) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - IV
5) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - V
6) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - VI

ആയിരനെല്ലൂർ എസ്റ്റേറ്റിലെ 244 കുടുംബങ്ങൾക്ക് പ്രത്യേക മീറ്റർ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 39 എണ്ണം - 2-3-99-ൽ പണം അടച്ചിട്ടുണ്ട്.

ആയിരനെല്ലൂർ എസ്റ്റേറ്റിൽ അപേക്ഷകൾ ഒന്നും നിലവിലില്ല.

(ഡി)&(ഇ) അതാതു വർഷം തീരുമാനിക്കുന്ന ടാർജറ്റ് അനുസരിച്ചാണ് കണക്ഷനുകൾ നല്കുന്നത്. കഴിഞ്ഞ വർഷത്തെ ടാർജറ്റ് അനുസരിച്ച് 30-9-98 വരെയുള്ള കണക്ഷനുകൾ നല്കുവാനായിരുന്നു തീരുമാനം. 1999-2000-ലെ ടാർജറ്റ് പ്രകാരം കണക്ഷനുകൾ നല്കി തുടങ്ങിയിട്ടുണ്ട്.

144 (2522) സീതത്തോട് പഞ്ചായത്തിൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതത്തോട് പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണിപ്പോൾ ഉല്പാദിപ്പിക്കുന്നത്;

(ബി) കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ ആകെ ഉല്പാദനം എത്രയാകും;

(സി) സീതത്തോട് പഞ്ചായത്തിന്റെ ജനവാസമുള്ള 75% പ്രദേശങ്ങളിലും വൈദ്യുതി ഇല്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ റാന്നി എം.എൽ.എ. കൊണ്ടു വന്നിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് നാട്ടുകാർ നൽകിയ ഹർജികളുടെ അടിസ്ഥാനത്തിൽ സീതത്തോട് പഞ്ചായത്തിൽ മുഴുവൻ വൈദ്യുതി എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ:

ഉത്തരം

(എ) 300 മെഗാവാട്ട്. ഇത് കൂടാതെ സ്വകാര്യമേഖലയിൽ 12 മെഗാവാട്ടിന്റെ ഒരു പദ്ധതിയും നിലവിലുണ്ട്.

(ബി) 350 മെഗാവാട്ട്

(സി) ഉണ്ട്

(ഡി) കക്കാട് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി വലിച്ചിട്ടുള്ള വിതരണലൈനുകളും ട്രാൻസ്ഫോർമറുകളും അതാതു സ്ഥലത്തെ വൈദ്യുതി വിതരണത്തിനായി ഉപയോഗപ്പെടുത്തണമെന്ന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

145 (2523) അഴൂർ പഞ്ചായത്തിലെ ഇലക്ട്രിസിറ്റി മേജർ സെക്ഷൻ ആഫീസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴൂർ പഞ്ചായത്തിന്റെ ചില വാർഡുകൾ ഇപ്പോൾ മംഗലപുരം ഇലക്ട്രിസിറ്റി മേജർ സെക്ഷൻ ആഫീസിന് കീഴിൽ ആയതു കാരണം ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly